## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 665 — 01/11/2011-ൽ മറുപടിക്ക്

## ഇടമലക്കുടി ആദിവാസി മേഖലയിലെ പട്ടിണി മരണങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. ജെയിംസ് മാത്യു | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | ഇടുക്കി ജില്ലയിലെ ഇടമലക്കുടിയിൽ ആദിവാസികൾ പട്ടിണിമരണത്തിലേക്ക് നീങ്ങുകയാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇവരെ രക്ഷിക്കാൻ അടിയന്തിരമായി ഇടപെടുമോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | ഇതിനകം എത്രപേർ പട്ടിണി മൂലവും ചികിത്സ ലഭിക്കാതെയും മരണപ്പെട്ടു എന്ന് വ്യക്തമാക്കുമോ; | ആരും മരണപ്പെട്ടിട്ടില്ല. |
| സി | ഇവിടെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾ പാടെ നിലച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേവികുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സബ്സെന്റർ ഇടമലക്കുടിയിൽ പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെ ഏഴ് ആശാ പ്രവർത്തകരും ഇടമലക്കുടിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി എല്ലാ ആഴ്ചയിലും ദേവികുളം പി.എച്ച്.സി. യിൽ നിന്നും ഡോക്ടറും പാരാമെഡിക്കൽ സംഘവും കുടികൾ സന്ദർശിച്ച് മെഡിക്കൽ ക്യാമ്പ് നടത്തിവരുന്നുണ്ട്. |
| ഡി | ഈ പ്രദേശത്ത് റേഷനരി കൃത്യമായി വിതരണം ചെയ്യപ്പെടാത്തതിനെക്കുറിച്ച് പരിശോധിക്കുമോ; | ഇടമലക്കുടിയിൽ റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നത്, ദേവികുളം ഗിരിജൻ സർവ്വീസ് സൊസൈറ്റി പുളക്കടി(സൊസൈറ്റിക്കുടിയിലും) പരപ്പയാർ കുടിയിലും നടത്തുന്ന രണ്ട് റേഷൻ ഷോപ്പുകൾ വഴിയാണ്. റേഷൻ സാധനങ്ങൾ കുടിയിൽ എത്തിക്കുന്നതിന്റെ ചുമട്ടുകൂലിയിനത്തിൽ സൊസൈറ്റിക്ക് സർക്കാർ ആവശ്യമായ തുക അനുവദിച്ച് നൽകുന്നുണ്ട്. ഈ വർഷം ഈ ഇനത്തിൽ 10 ലക്ഷം രൂപ അനുവദിക്കുകയും ആദ്യഗഡുവായി 5 ലക്ഷം രൂപ സെക്രട്ടറിയുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി മാറി നൽകിയിട്ടുമുണ്ട്. തത്ഫലമായി ഇടമലക്കുടിയിൽ റേഷനരി കൃത്യമായി വിതരണം ചെയ്യപ്പെടാത്ത സ്ഥിതി നിലവിലില്ല. റേഷൻ കടയുടെ സമീപത്തുള്ള പട്ടികവർഗ്ഗക്കാർ കൃത്യമായി റേഷൻ വാങ്ങുന്നുണ്ട്. ദൂരത്തായി താമസിക്കുന്നവർ അവരുടെ സൗകര്യത്തിനാണ് റേഷൻ വാങ്ങിവരുന്നത്. |

| | | |
|---|---|---|
| ഇ | ട്രൈബൽ വെൽഫെയർ പ്രവർത്തനങ്ങൾ ഈ പ്രദേശത്ത് ഇപ്പോൾ നടക്കാതിരിക്കുന്നത എന്തുകൊണ്ടാണ്? | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ഇടമലക്കുടിയിൽ നടക്കുന്നുണ്ട്. ഇടമലക്കുടി പ്രത്യേക പട്ടികവർഗ്ഗ പഞ്ചായത്തായി രൂപീകരിച്ച് പ്രവർത്തിച്ച വരികയാണ്. ഇടമലക്കുടി ഗ്രാമപഞ്ചായത്തിന്റെ 2011-12 വർഷത്തെ പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട്. പുതിയതായി ആരംഭിച്ച ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ഡി.ഡി.ഒ. കോഡ് ലഭിക്കാത്തതിനാൽ റ്റി.എസ്.പി. ഫണ്ട് വിനിയോഗം ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

Mallan...

സെക്ഷൻ ഓഫീസർ